# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ നഗരസഭ - സെൻട്രൽ മാർക്കറ്റ് കെട്ടിട നിർമ്മാണം- ഹഡ്കോയിൽ നിന്നും 344 ലക്ഷം രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ)നം. 494/2013/തസ്വഭവ തീയതി, തിരുവനന്തപുരം, 25/02/2013.

==========================================================================

പരാമർശം:- 1) 29/07/2009-ലെ സ.ഉ.(എം.എസ്) നം. 147/2009/തസ്വഭവ ഉത്തരവ്.
2) കണ്ണൂർ നഗരസഭാ കൗൺസിലിന്റെ 04/06/2010-ലെ 32-ാം നമ്പർ തീരുമാനവും, 03/09/2011-ലെ 31-ാം നമ്പർ തീരുമാനവും.
3) കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 14/06/2012-ലെ ഇ4- 17147/11 നമ്പർ കത്ത്.
4) ഹഡ്കോയുടെ 02/03/2012-ലെ ഹഡ്കോ/റ്റിആർഒ/കണ്ണൂർ /20081/ 2011-12/2764 നമ്പർ വായ്പാ സമ്മതപത്രം.
5) നഗരകാര്യ ഡയറക്ടറുടെ 06/07/2012-ലെ ഡിസി3-9927/12-ാം നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ നഗരസഭയുടെ വാണിജ്യ കേന്ദ്രമായ കാമ്പസാറിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ മാർക്കറ്റ് കെട്ടിടം പൊളിച്ചുമാറ്റി ആധുനിക രീതിയിലുള്ള സെൻട്രൽ മാർക്കറ്റ് കെട്ടിടം പണിയുന്നതിന് നഗരസഭയുടെ ആധുനിക അറവുശാല നിർമ്മാണം നടത്തുന്ന 99.25 സെന്റ് സ്ഥലം ജാമ്യമായി നൽകിക്കൊണ്ട് ഹഡ്കോയിൽ നിന്ന് 344 ലക്ഷം രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം കണ്ണൂർ നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കണ്ണൂർ നഗരസഭയുടെ വാണിജ്യ കേന്ദ്രമായ കാമ്പസാറിൽ ആധുനിക രീതിയിലുള്ള സെൻട്രൽ മാർക്കറ്റ് കെട്ടിടം പണിയുന്നതിന്, കണ്ണൂർ വില്ലേജിലെ നഗരസഭയുടെ 99.25 സെന്റ് അറവുശാലയിലെ സ്ഥലം ജാമ്യമായി നൽകിക്കൊണ്ട്, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഹഡ്കോയിൽ നിന്നും 11% പലിശനിരക്കിൽ

(ഫ്ളോട്ടിംഗ്) 344 ലക്ഷം (മൂന്നൂറ്റി നാൽപത്തിനാല് ലക്ഷം) രൂപ വായ്പയെടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം കണ്ണൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സി. വത്സല,**
ജോയിന്റ് സെക്രട്ടറി

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം
3. സെക്രട്ടറി, കണ്ണൂർ നഗരസഭ.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((എ&ഇ/ആഡിറ്റ് എൽബിഎ&എ), തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം.,തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ).
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാര*

*സെക്ഷൻ ഓഫീസ*